# സ്നേഹം നഷ്ടപ്പെടുന്ന സമൂഹം

എ.മോഹൻ കുമാർ

(കഴിഞ്ഞ ലക്കം തുടർച്ച)

ഈയിടെ പരിചയപ്പെട്ട കർണ്ണാടകത്തിലെ ഏറ്റവും നല്ല കർഷകനുള്ള ബഹുമതികൾ നേടിയ നാരായണ റെഡ്ഡിയുടെ കഥ കേൾക്കൂ. ചെറുപ്പത്തിൽ ആടു മേയ്ക്കാൻ പോയി ഒരു രാത്രി മടങ്ങിയെത്താൻ കഴിയാതെ വന്ന നാരായണനെ അടുത്ത ദിവസം വീട്ടിലെത്തുമ്പോൾ അച്ഛൻ കാലിൽ പിടിച്ച് വലിച്ചെറിഞ്ഞു. തല തറയിൽ തല്ലാഞ്ഞതിനാൽ മരിച്ചില്ല. വീടുവിട്ടിറങ്ങിയ ആ മെട്രിക്കുലേറ്റുകാരൻ ഹോട്ടലിൽ പാത്രം കഴുകിയും കൂലിനിപ്പണിക്കാരനായുമൊക്കെ ജീവിച്ചു. പതിവുസന്ദർശകനായ ഒരു പോലീസുകാരൻ അയാൾക്ക് കെ.ടി.സി.യുടെ ട്രാൻസ്പോർട്ട് കമ്പനിയിൽ പ്യൂൺ പണി തരപ്പെടുത്തി കൊടുത്തു. ആറു മാസം കഴിയുമ്പോൾ ജോലിയിലെ ശുഷ്കാന്തി അദ്ദേഹത്തെ മാനേജർ പദവിയിലെത്തിച്ചു. ഏതാണ്ട് 20 വർഷക്കാലം പലസ്ഥലങ്ങളിൽ മാനേജരായി പണിയെടുത്ത അദ്ദേഹത്തിന് നാട്ടിൽ തിരിച്ചെത്തി തന്റെ ഗ്രാമത്തിൽ കൃഷിപ്പണിയിൽ മുഴുകണമെന്ന തോന്നി. കഠിനാദ്ധ്വാനവും ഇച്ഛാശക്തിയും മൂലം സമ്പാദിച്ച പണം കൊണ്ട് കുറച്ച് ഭൂമി വാങ്ങുന്നു. കാർഷികസർവ്വകലാശാലയിലെ കോഴ്സിൽ ചേർന്ന് ആധുനികകൃഷി പഠിക്കുന്നു. രാസവളവും കീടനാശിനിയും ഉപയോഗിച്ച് കഠിനദ്ധ്വാനം ചെയ്യുപ്പോൾ തന്റെ ഗ്രാമത്തിലെ ഏറ്റവും നല്ല കൃഷിക്കാരനുള്ള സമ്മാനം അദ്ദേഹത്തെ തേടിയെത്തി. അടുത്തവർഷം താലൂക്കതലത്തിലും ജില്ലാതലത്തിലും പിന്നീട് സംസ്ഥാനതലത്തിലും ഉള്ള മികച്ച കർഷകൻ എന്ന ബഹുമതിയും കരസ്ഥമാക്കി. മറ്റുള്ളവർക്ക് ശരാശരി 8 ക്വിന്റൽ വിളവു ലഭിക്കുമ്പോൾ നാരായൺ റെഡ്ഡിക്ക് 23 ക്വിന്റൽ കിട്ടി. പക്ഷെ, പൊടുന്നനെ അദ്ദേഹത്തിന്റെ വിളവു കുറഞ്ഞു. എത്ര അദ്ധ്വാനിച്ചിട്ടും രാസവളം പ്രയോഗിച്ചിട്ടും 8 ക്വിന്റൽ പോലും കിട്ടാതെ അദ്ദേഹം തകരുന്നു. പുട്ടപർത്തിയിലെ സായി ആശ്രമത്തിൽ വെച്ച കണ്ടുമുട്ടിയ ആൽവിൻ ഡ്രക്കർ എന്ന 'നാസ'യിലെ മുൻ ശാസ്ത്രജ്ഞൻ അദ്ദേഹത്തെ ഉപദേശിച്ചു. രാസവളവും കീടനാശിനിയും ഉപേക്ഷിക്കുക, കൃഷി മെച്ചപ്പെടും. കാരണം 'നാസ'യിൽ അമേരിക്കൻ യുദ്ധകമ്പനികൾക്ക് പടക്കോപ്പുണ്ടാക്കുന്നതിനേക്കാൾ ഭേദം ജൈവകൃഷി ചെയ്ത് സ്വസ്ഥമായി ജീവിക്കുകയാണ് നല്ലതെന്ന് അദ്ദേഹം കണ്ടെത്തിയിരുന്നു. അദ്ദേഹം നല്കിയ ഉപദേശവുമായി തന്റെ കൃഷിയിടത്തിൽ മടങ്ങിയെത്തിയ നാരായൺ റെഡ്ഡിക്ക് നിരാശയായിരുന്നു ഫലം. പാഴായിപ്പോയ മണ്ണിൽ നിന്നും ജീവിക്കാനുള്ള വകപോലും അദ്ദേഹത്തിനു ലഭിച്ചില്ല. അദ്ദേഹം കൃഷിയിടം വിറ്റ് പഴയ ട്രാൻസ്പോർട്ട് ബിസിനസ്സിലേക്ക് മടങ്ങാൻ തയ്യാറെടുത്തുകൊണ്ട് ആൽവിന് കത്തെഴുതി. പക്ഷെ ആൽവിൻ അദ്ദേഹത്തെ തടഞ്ഞുകൊണ്ട് മറുപടി അയച്ചു, കൂടെ ആയിരം ഡോളറും. ഈ പണമുപയോഗിച്ച് ജൈവവളം വാ



ങ്ങി കൃഷി ചെയ്യുകയാണ് പിന്നീട് നാരായൺ റെഡ്ഡി ചെയ്തത്. പെട്ടെന്ന് തന്നെ മാറ്റം ഉണ്ടായി. 4 വർഷം കൊണ്ട് വീണ്ടും കർണ്ണാടകത്തിലെ മികച്ച ജൈവകർഷകൻ എന്ന സ്ഥാനം അദ്ദേഹത്തിനു കൈ വന്നു. ആയിരം ഡോളർ നാലാംവർഷം അദ്ദേഹം ആൽവിനു മടക്കിക്കൊടുത്തു. ഇപ്പോൾ 15 ഏക്കർ ഉള്ള രണ്ടു ഫാമുകൾക്ക് ഉടമയാണദ്ദേഹം. നിർണ്ണായകഘട്ടത്തിലെ ധനസഹായം ഒരു മനുഷ്യനെ എങ്ങനെ വളർത്തിയെന്ന് നോക്കൂ.

ഒരാളുടെ താളം പിഴക്കുന്ന അവസ്ഥയിൽ .നാം നല്കുന്ന ചെറിയ സഹായങ്ങളും ഉപദേശങ്ങളും അയാളുടെ ഇച്ഛാശക്തിയെ എങ്ങനെ പുനരുജ്ജീവിപ്പിക്കുമെന്ന് നാമറിയണം. പുതിയൊരു ജീവിതം തന്നെ അയാൾക്ക് കെട്ടിപ്പടുക്കുവാൻ ഇത്തരം സന്ദർഭോചിതമായ സ്നേഹപ്രകടനങ്ങൾക്കു കഴിയും.

നമ്മുടെ മക്കളെ മടിയിലിരുത്തി ഒരു കഥ പറഞ്ഞു കൊടുക്കുക. അവരുടെ തലയിലും ശരീരത്തിലും സ്നേഹപൂർവ്വം സ്പർശിക്കുക. ഭാര്യയുടെ തല മടിയിൽ വെച്ച് പേൻ പെറുക്കി കൊടുക്കുക. സ്നേഹവായ്പോടെ നെറുകയിൽ ചുംബിക്കുക. ഭർത്താവിന്റെ കരം ഗ്രഹിച്ച് കണ്ണിൽ വെച്ച് മുത്തം കൊടുക്കുക. അച്ഛനെയും അമ്മയെയും പാദം സ്പർശിച്ച് വണങ്ങുക. സുഹൃത്തിന്റെ പുറത്തും ചുമലിലും തട്ടി പ്രോത്സാഹിപ്പിക്കുക. അയല്പക്കാരനോട് ക്ഷേമവിവരം അന്വേഷിക്കുക. കുട്ടികളോട് കാരുണ്യത്തോടെ സംസാരിക്കുക. നമുക്കുള്ള വിഭവങ്ങൾ കുന്നുകൂട്ടി പാഴാക്കാതെ ആവശ്യമുള്ളവർക്ക് പങ്കുവയ്ക്കുക. പറമ്പിൽ പാഴാവുന്ന ഒരു ചക്ക മുറിച്ച് ഒരു കഷ്ണം അയൽവീട്ടിലെത്തിക്കുക. പക്ഷികളോടും മൃഗങ്ങളോടും സസ്യങ്ങളോടും സ്നേഹം കണിക്കുക. ആരും നമ്മുടെ ശത്രുക്കളല്ലെന്ന് മനസ്സിൽ വിചാരിക്കുക. സ്നേഹമാണഖിലസാരമൂഴിയിൽ............